(ഡി) ബാക്കി ഷട്ടറുകളുടെ നിർമ്മാണം ഉടനെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) മുനയം ബണ്ട് സ്ഥിരം ബണ്ടായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50 ലക്ഷം രൂപയുടെ പണികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

(സി) 3 ഷട്ടറുകൾ പുനർ നിർമ്മിച്ചിട്ടുണ്ട്. ഇതിന് 16,51,237 രൂപയാണ് എസ്റ്റിമേറ്റിലെ തുക. ഇതുവരെ ഈ ഇനത്തിൽ പേയ്മെന്റ് ഒന്നും നടത്തിയിട്ടില്ല.

(ഡി) ബാക്കി ഷട്ടറുകൾ ഘട്ടം ഘട്ടമായി പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് ഈ വർഷം ബാക്കി പണികൾ ആരംഭിക്കുന്നതാണ്.

(ഇ) മുനയം ബണ്ട് കരുവന്നൂർ പുഴയിൽ പൊന്നാനി കൊച്ചിൻ കനാലിൽ നിന്ന് ഉപ്പു വെള്ളം കയറുന്നത് തടയുന്നതിനുവേണ്ടി നിർമ്മിക്കുന്ന ഒരു താൽക്കാലിക ബണ്ടാണ്. ഇത് സ്ഥിരം ബണ്ടാകണമെങ്കിൽ പുഴയുടെ രണ്ട് വശത്തുനിന്നും പൊതുവായ വഴികൾ ലഭിക്കേണ്ടതുണ്ട്.

തൃത്താല വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

71 [2543] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ബാങ്ക് കണക്ഷൻ നിർമ്മാണത്തിനുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചുവോ; എങ്കിൽ അത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഫ്ളഡ് ബാങ്കിന്റെ ടെണ്ടർ നടപടി ഏത് ഘട്ടത്തിലാണ്; എത്ര ദൂരത്തേക്കാണ് ഇത് നിർമ്മിക്കുന്നതെന്നും എന്നത്തേക്ക് പണി പൂർത്തിയാക്കുമെന്നും അതിന് എന്ത് തുക ചെലവുവരുമെന്നും വെളിപ്പെടുത്താമോ;

(ഡി) റഗുലേറ്റർ-കം-ബ്രിഡ്ജ് എത്ര വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എന്തെല്ലാം നേട്ടങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും അത് എത്ര കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ;

(എഫ്) ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്ത് നിർമ്മാണം അവസാനിപ്പിക്കാൻ ഉദ്ദേശിക്കുണ്ടോ;

(ജി) ഈ വർഷം തുക അനുവദിക്കാത്തതുകൊണ്ട് നിർമ്മാണത്തിന് പണം കണ്ടെത്തുന്നതെങ്ങനെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം 2006 മാർച്ചിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇല്ല. താമസംവിനാ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഫ്ളഡ് ബാങ്കിന്റെ ടെണ്ടർ തീയതി 2005 മാർച്ച് 16 ആണ്. രണ്ട് കിലോമീറ്റർ ദൂരത്തേക്കാണ് ടി പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ടെണ്ടർ നടപടി പൂർത്തീകരിക്കുന്നതിന് ഏകദേശം മൂന്നു മാസം സമയം വേണ്ടിവരും. ടെണ്ടർ ഉറപ്പിച്ചു കഴിഞ്ഞാൽ ഉടൻതന്നെ പണി തുടങ്ങാൻ സാധിക്കും. ഈ പണിയും 2006 മാർച്ചിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലേക്കായി 380 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) 2005 മാർച്ചിലാണ് റഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ബാങ്ക് കണക്ഷന്റേയും ഫ്ളഡ് ബാങ്കിന്റെയും ഡിസൈൻ തയ്യാറാക്കാൻ കാലതാമസം വന്നതിനാലാണ് ടെണ്ടർ ചെയ്യുവാൻ താമസിച്ചത്.

(ഇ) ഒറ്റപ്പാലം താലൂക്കിലെ 3997 ഹെക്ടർ പ്രദേശത്തെ കൃഷിക്ക് നേതിട്ടും 1887 ഹെക്ടർ പ്രദേശത്തേക്ക് ലിഫ്റ്റ് ഇറിഗേഷൻ വഴിയും ജലസേചനത്തിനും ഗുരുവായൂർ, ചാവക്കാട്, കുന്നംകുളം എന്നീ മുനിസിപ്പാലിറ്റികളിലേയും സമീപസ്ഥലമായ 22 ഗ്രാമപഞ്ചായത്തുകളിലേയും 7 ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞാൽ കോഴിക്കോട്ടുനിന്നും ഗുരുവായൂർ ഭാഗത്തേക്ക് 11 കിലോമീറ്റർ യാത്രാദൂരം കുറയ്ക്കുവാനും ഇതോടെ പാലക്കാട് ജില്ലയിലെ പിന്നോക്കം നിൽക്കുന്ന പ്രദേശത്തിന്റെ സമഗ്രവികസനത്തിനും കാർഷിക വളർച്ചയ്ക്കും പദ്ധതി ഉപകരിക്കും. മേൽപറഞ്ഞ എല്ലാ വർക്കുകളും 2006 മാർച്ചിൽ പൂർത്തീകരിക്കുവാൻ സാധിക്കും.

(എഫ്) ഇല്ല.

(ജി) ഈ പദ്ധതിക്ക് നബാർഡിന്റെ ആർ. ഐ. ഡി. എഫ്. VI സ്കീം പ്രകാരമാണ് ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്. നബാർഡിന്റെ വിവിധ സ്കീമു

LIBRARY ARCHIVES Kerala Legislative Assembly

കളിൽപ്പെട്ട ഒരു പദ്ധതി മാത്രമാണിത്. നബാർഡ് സ്കീമിൽ മൊത്തമായി ആണ് പണം അനുവദിക്കുന്നത്. നബാർഡ് സഹായമുള്ള പദ്ധതി ആയതിനാൽ പദ്ധതി പൂർത്തിയാക്കാൻ സാധാരണഗതിയിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകില്ല.

വാലുമ്മൽ ഡബ്ല്യൂ. സി. ബി. നിർമ്മിക്കുന്നതിന് നടപടി

72 [2544] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടർ ഇടുന്നതുമൂലം കൽപ്പള്ളി, വാലുമ്മൽ, തെങ്ങിലക്കടവ് ഭാഗത്ത് വെള്ളം കയറി കൃഷി ഇറക്കാൻ സാധിക്കാതെ വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനുവേണ്ടി മാവൂർ വാലുമ്മൽ ഭാഗത്ത് ഒരു ഡബ്ല്യൂ.സി.ബി. നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ ഡബ്ല്യൂ. സി. ബി. നിർമ്മിക്കാൻ എടുത്ത നടപടി വിശദമാക്കുമോ;

(ഡി) ഡബ്ല്യൂ.സി.ബി.-യുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാവും എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ പ്രവൃത്തി ഏതു ഏജൻസിയുടെ മേൽനോട്ടത്തിലാണ് എന്നും എന്തുതുക ഇതിനായി വകയിരുത്തിയിട്ടുണ്ട് എന്നുമുള്ള വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ ഇടുന്നതുമൂലം വാലുമ്മൽ, തെങ്ങിലക്കടവ് ഭാഗത്ത് വാലുമ്മൽ-എളമ്പിലശ്ശേരി തോട്ടിൽക്കുടി ചാലിയാർപ്പുഴയിലെ വെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി പ്രസ്തുത തോടിനു കുറുകെ വാലുമ്മൽ ഭാഗത്ത് ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് 15,00,000 രൂപയുടെ അടങ്കലിനു അനുമതി നൽകുകയും തുടർന്നു ദർഘാസുകൾ ക്ഷണിച്ച് 2005 മാർച്ച് മാസം മുതൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2006 ഫെബ്രുവരി മാസത്തോടെ വാലുമ്മൽ വി.സി.ബി.-യുടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഈ പ്രവൃത്തി ചെറുകിട ജലസേചന വിഭാഗത്തിന്റെ കീഴിലാണ് നടപ്പിലാക്കുന്നത്. 15,00,000 രൂപ പ്രവൃത്തിക്കായി വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly